**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 533** **10-07-2024 - ൽ മറുപടിയ്ക്ക്**

**കുഴൽക്കിണർ നിർമ്മാണ മേഖലയിലെ ചൂഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുഴൽക്കിണർ നിർമ്മാണ മേഖലയിൽ വ്യാപകമായ ചൂഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഭൂജല വകുപ്പ് കഴിഞ്ഞ സാമ്പത്തിക വർഷം ഏറ്റവും ആധുനിക രീതിയിലുള്ള 6 കുഴൽക്കിണർ നിർമ്മാണ യന്ത്രങ്ങൾ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി വാങ്ങി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഈ റിഗ്ഗുകൾ അനുവദിച്ച ജില്ലകളിലെ പൊതുജനങ്ങൾക്കായുള്ള കുഴൽക്കിണർ നിർമ്മാണവും കർഷകർക്ക് ഡ്രില്ലിങ് ചാർജ്ജിന്റെ 50% സബ്സിഡി നിരക്കിലുള്ള കുഴൽക്കിണർ നിർമ്മാണവും ശാസ്ത്രീയമായും സാങ്കേതികമായും സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുന്നുണ്ട്. ഇത് കാരണം പ്രൈവറ്റ് ഡ്രില്ലിങ് ഏജൻസികളുടെ ചൂഷണം ഒരു പരിധി വരെ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. എന്നാലും ചില സ്ഥലങ്ങളിൽ വകുപ്പിന്റെ നിരക്കിനേക്കാൾ കൂടുതലായി തുക പ്രൈവറ്റ് ഏജൻസികൾ ഈടാക്കുന്നുണ്ടെന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) | ഡ്രില്ലിംഗ് റിഗ്ഗുകൾ രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ; | (ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ കുഴൽക്കിണർ നിർമ്മാണ ഏജൻസികൾ/ റിഗ്ഗുകൾ കേരള സംസ്ഥാന ഭൂജല അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യണമെന്ന് 27.06.2014 തീയതിയിലെ ജലവിഭവ (ഭൂജല) വകുപ്പിന്റെ സ. ഉ. (കൈ) നം. 59/ 2014 / ജവിവ നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇത് പ്രകാരം 2015 മുതൽ 2019 വരെ, 14 ജില്ലകളിലായി 221 ഏജൻസികളും 346 റിഗ്ഗുകളും രജിസ്റ്റർ ചെയ്തു. തുടർന്ന് കൂടുതൽ കാര്യക്ഷമമായി റിഗ്ഗ് രജിസ്ട്രേഷൻ നടപ്പിലാക്കുന്നതിന് 24.01.2023 തീയതിയിൽ സ. ഉ.(കൈ)4/2023/ ജവിവ നമ്പർ ആയി പുതുക്കിയ ഉത്തരവ് ഇറക്കിയിട്ടുണ്ട്. പുതുക്കിയ ഉത്തരവ് വന്നതിനു ശേഷം പുതുതായി 134 ഏജൻസികളും 275 റിഗ്ഗുകളും ഇത് വരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിൽ ഏജൻസി/ റിഗ്ഗ് രജിസ്ട്രേഷൻ നടപടി തുടർന്ന് വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | അനധികൃത റിഗ്ഗുകൾക്ക് പിഴ ഈടാക്കുന്നതിന്റെ വിശദവിവരം അറിയിക്കാമോ; | (സി) | അനധികൃത കുഴൽക്കിണർ നിർമ്മാണത്തിലേർപ്പെടുന്ന ഏജൻസികൾക്ക് ആദ്യത്തെ പ്രാവശ്യം 1,00,000 രൂപ ഫൈൻ ഈടാക്കണമെന്നും വീണ്ടും ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കുകയാണെങ്കിൽ ഏജൻസി രജിസ്ട്രേഷൻ റദ്ദാക്കുന്നതാണെന്നും പോലീസിന്റെ സഹായത്തോടെ റിഗ്ഗ് പിടിച്ചെടുക്കുന്നതാണെന്നും സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇത് പ്രാവർത്തികമാക്കുന്നതിനായി നിലവിലുള്ള ഭൂജല നിയന്ത്രണവും ക്രമീകരണവും ആക്ട് 2002 ഭേദഗതി വരുത്തേണ്ടതായിട്ടുണ്ട്. ഇതിനായി നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | സർക്കാർ മേഖലയിൽ കൂടുതൽ യന്ത്രങ്ങൾ വാങ്ങി ഇത്തരത്തിലുള്ള ചൂഷണം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | 15 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കൽ നയം മൂലം വകുപ്പിലെ 24 റിഗ്ഗുകളുടെ രജിസ്ട്രേഷൻ റദ്ദാക്കപ്പെട്ടു. കഴിഞ്ഞ സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിലുൾപ്പെടുത്തി 6 കുഴൽക്കിണർ നിർമ്മാണ റിഗ്ഗുകൾ വാങ്ങുകയുണ്ടായി. ഈ സാമ്പത്തിക വർഷം 7 റിഗ്ഗുകൾ കൂടി വാങ്ങുന്നതിനായി പ്ലാൻ ഫണ്ടിൽ തുക അനുവദിക്കുകയും ആയത് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ